ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾ

96 (2599) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 1860-ലെ ചാരിറ്റബൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത എത്ര സംഘങ്ങളാണ് കാസർഗോഡ് ജില്ലയിൽ ഉള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആക്ട് പ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) രജിസ്റ്റർ ചെയ്ത സംഘങ്ങൾ, രജിസ്ട്രേഷൻ പുതുക്കുന്നതിനായി എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്നും, യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്ത സംഘങ്ങൾക്ക് ആയത് പുതുക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) 9421 സംഘങ്ങൾ.

(ബി) 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ 20-ാം വകുപ്പിലെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കുവേണ്ടി ഒരു സംഘം രൂപീകരിച്ച് പ്രവർത്തിക്കാനുദ്ദേശിക്കുന്ന ഏഴോ അതിലധികമോ അംഗങ്ങൾ ഒരു സംഘം മെമ്മോറാണ്ടത്തിൽ തങ്ങളുടെ പേരുവെച്ച് ഒപ്പുവയ്ക്കുകയും അത് സൊസൈറ്റി രജിസ്ട്രാർക്ക് (ജില്ലാ രജിസ്ട്രാർ) സമർപ്പിക്കേണ്ടതുമാണ്.

സംഘത്തിന്റെ ചട്ടങ്ങളുടേയും റഗുലേഷനുകളുടേയും ഒരു പകർപ്പ് ഭരണ സമിതിയിലെ മൂന്നിൽ കുറയാതെയുള്ള അംഗങ്ങൾ ശരിപ്പകർപ്പെന്ന് സർട്ടിഫൈ ചെയ്ത സംഘം മെമ്മോറാണ്ടത്തോടുകൂടി ഫയൽ ചെയ്യേണ്ടതാണ്. അപ്രകാരം ഫയൽ ചെയ്യുമ്പോൾ രജിസ്ട്രാർ സംഘം രജിസ്റ്റർ ചെയ്യുന്നതാണ്.

(സി) രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള വ്യവസ്ഥ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ 4-ാം വകുപ്പിൽ നിർദ്ദേശിച്ച വിധം വർഷത്തിലൊരിക്കൽ സംഘത്തിന്റെ ചട്ടങ്ങളനുസരിച്ച് ഭരണ സമിതിയുടെ വാർഷിക ലിസ്റ്റ് സൊസൈറ്റി രജിസ്ട്രാരുടെ (ജില്ലാ രജിസ്ട്രാർ) മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

രജിസ്ട്രേഷൻ വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുവാൻ ചെലവായ തുക

97 (2600) ശ്രീ. റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുവാൻ സർക്കാരിന് പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly